A

5001

# അർദ്ധവാർഷികമൂല്യനിർണയം 2017–18

## കല, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

**സ്റ്റാൻഡേർഡ് – V** **സമയം: 2 മണിക്കൂർ**

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. കലാ പഠനത്തിൽ ചിത്രകല, നാടകം, സംഗീതം, നൃത്തം എന്നീ മേഖലകളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതിയാൽ മതിയാകും
3. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
4. മൂന്ന് വിഭാഗങ്ങൾക്കായി ആകെ രണ്ടു മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും നാൽപതു മിനുട്ട് വീതം സമയമാണ് ലഭിക്കുന്നത്.

---

**വിഭാഗം 1 – കലാപഠനം**

**മേഖല – ചിത്രകല**

1. അഭി അമ്മയ്ക്കൊപ്പം ചന്തയിൽ വന്നതാണ്. പഴക്കടയുടെ മുന്നിൽ അവൻ അറിയാതെ നിന്നുപോയി. എത്ര ആകൃതിയിലും നിറങ്ങളിലുമുള്ള പഴങ്ങളാണവിടെ. മാങ്ങ, ഓറഞ്ച്, ആപ്പിൾ, വാഴപ്പഴം, മുന്തിരി, പപ്പായ, ചക്കപ്പഴം... അഭിയുടെ കണ്ണിലേക്ക് നിറങ്ങൾ – ആകൃതികൾ തുളച്ചുകയറി. അവൻ ഓർത്തു ഈ പഴങ്ങൾ എല്ലാം ഒരു മരത്തിൽ നിന്നും കിട്ടിയാലോ? വീട്ടിൽ ചെന്നാൽ അത്തരം ഒരു മരം വരയ്ക്കണമെന്ന് അഭി തീരുമാനിച്ചു.

■ അഭി മനസ്സിൽ കണ്ട മാങ്ങയും ഓറഞ്ചും പപ്പായയും ആപ്പിളും വാഴപ്പഴവും മുന്തിരിയും ചക്കപ്പഴവും, പഴുത്തു നിൽക്കുന്ന ഒരു മരം വരച്ച് നിറം കൊടുക്കുക.

2. അഭി കണ്ട പഴക്കടയിൽ ചുവന്ന ആപ്പിളും മഞ്ഞ നാരങ്ങയും പച്ച മുന്തിരിയും ഉണ്ടായിരുന്നു. ഇതിൽ പ്രാഥമിക വർണ്ണത്തിൽ പെടാത്ത നിറം ഏതാണ്?.

3. അമ്മയുടെ കൈ പിടിച്ച് അഭി ചന്തയിൽ നിന്നും വീട്ടിലേക്ക് നടന്നു. യാത്രയിൽ അവൻ ഒരു പാട് കാഴ്ചകൾ കണ്ടു. അകലെ കുന്നുകൾ, അസ്തമിക്കുന്ന സൂര്യൻ, വിവിധ ആകൃതിയിലുള്ള വലുതും ചെറുതുമായ വീടുകൾ, സൈക്കിൾ, കാറുകൾ, ബസ്, കലുങ്കുകൾ.... അഭിയ്ക്ക് വല്ലാത്ത അത്ഭുതം തോന്നി – ഈ രൂപങ്ങളിലെല്ലാം ശാന്തടീച്ചർ കണക്ക് പഠിപ്പിച്ചപ്പോൾ ബോർഡിൽ വരച്ച ചതുരവും വൃത്തവും അർദ്ധ വൃത്തവും ദീർഘ ചതുരവും തൃകോണവും ഉണ്ടല്ലോ?. ഇവ ചേർത്ത് ഒരു ചിത്രം വരച്ചാലോ?.

■ ജ്യാമിതിയ രൂപങ്ങൾ (ചതുരം, വൃത്തം, അർദ്ധവൃത്തം, ത്രികോണം, ദീർഘ ചതുരം) ഉപയോഗിച്ച് ഒരു ചിത്രം വരയ്ക്കുക. വരയ്ക്കുന്നത് പെൻസിൽ കൊണ്ടാവണമെന്ന് നിർബന്ധമില്ല. വരയ്ക്കുന്നതിന് സ്കെയിൽ, കോമ്പസ് തുടങ്ങിയ ഒരു ഉപകരണങ്ങളും ഉപയോഗിക്കരുത്.

മേഖല - നാടകം

## 1. കഥാഗാനത്തിൽ നിന്നും ചിത്രീകരണത്തിലേയ്ക്ക്

ടീച്ചർ ചൊല്ലിക്കൊടുത്ത ഒരു കഥാഗാനം കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ടു. അവർ ഈ ഗാനത്തിന് ദൃശ്യാവിഷ്കാരം നൽകാൻ തീരുമാനിച്ചു.

മണ്ണാങ്കട്ടയും കരിയിലയും കൂടി മലയ്ക്ക് പോയ് മലയ്ക്ക് പോയ്
അച്ഛനും അമ്മയും കാണാതെ ആരോടും മിണ്ടാതെ
മഞ്ഞിൽ മുങ്ങി വെയിലത്ത് തോർത്തി മന്ദാരപ്പൂചൂടി
മലകടന്ന് പുഴകടന്ന് വഴി നടന്ന് തളർന്ന്

മാനം മൂടി മഴക്കാറ് വന്നപ്പോൾ മണ്ണാങ്കട്ടകരഞ്ഞു
കൂട്ടുകാരാ നീയെനിക്കൊരു കുടപിടിച്ച് തരേണം
കാട്ടിന്നുള്ളിൽ കൊടുങ്കാറ്റടിച്ചപ്പോൾ കരിയില പൊട്ടിക്കരഞ്ഞു
കൂട്ടുകാരാ നീയെനിക്കൊരു തോട്ട വളച്ചു തരേണം

കാറ്റും മഴയും ഒന്നിച്ചു വന്നു കാടുകുലുങ്ങി മേടു കിടുങ്ങി
കാറ്റിൽപ്പെട്ട് കരിയില പൊങ്ങി മണ്ണാങ്കട്ടയലിഞ്ഞു.

1. ചിത്രീകരണം തയ്യാറാക്കുമ്പോൾ നിങ്ങൾ കാണിക്കാനുദ്ദേശിക്കുന്ന നാല് പ്രധാന സീനുകൾ എന്തൊക്കെയായിരിക്കും?.

2. ഓരോ സീനിലേയും കാലാവസ്ഥാ പ്രത്യേകതകൾ എന്തൊക്കെ ആയിരിക്കും?

3. ഓരോ സീനിലേയും കാലാവസ്ഥ മാറ്റങ്ങൾ നിങ്ങൾ എങ്ങനെ ചിത്രീകരിക്കും?.

മേഖല - സംഗീതം

1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് ശരിയുത്തരം ബ്രാക്കറ്റിൽ നിന്ന് എടുത്തെഴുതുക

1. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ശ്രുതി വാദ്യം തെരെഞ്ഞെടുത്തെഴുതുക.
(വീണ, തബല, തംബുരു)

2. സംഗീതത്തിലെ അടിസ്ഥാന സ്വരങ്ങൾ 7 എണ്ണമാണല്ലോ. ഇവയെ ഏതു പേരിലാണ് അറിയപ്പെടുന്നത്.
(ദ്വാദശസ്വരങ്ങൾ, സപ്തസ്വരങ്ങൾ, ജീവസ്വരങ്ങൾ)

3. ലാളിത്യമാർന്ന ഈണവും, വായ്ത്താരികളും ചേർത്തു പാടുന്ന ഗാന ശാഖയാണ് --------------
(കഥകളി സംഗീതം, സോപാന സംഗീതം, നാടൻപാട്ട്)

4. സുപരിചിതവും ദേശീയ പ്രാധാന്യമുള്ളതുമായ രണ്ട് ഗാനങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഓരോ ഗാനത്തിന്റേയും രചയിതാവിനെ കണ്ടെത്തി എഴുതുക.
a. സാരേ ജഹാസേ അച്ഛാ
b. ജനഗണ മന

5. ചിത്രം നോക്കൂ..



a. ഈ കലാ പ്രകടനത്തിന്റെ പേര് എഴുതുക.

b. വാദ്യോപകരണങ്ങളെ തരം തിരിച്ച് എഴുതുക.

| താളവാദ്യങ്ങൾ | തന്ത്രിവാദ്യങ്ങൾ |
|---|---|

6. **ഇത്തവണത്തെ സ്കൂൾ കലോത്സവത്തിൽ കീർത്തിയും കൂട്ടുകാരും ചേർന്നവതരിപ്പിച്ച ദേശഭക്തിഗാനാലാപനത്തിന്** ഒന്നാം സ്ഥാനം ലഭിച്ചു. സബ്ജില്ലാ തലത്തിലേക്ക് തയ്യാറെടുപ്പ് നടത്തുന്ന സംഘാംഗങ്ങൾക്ക്, ആലാപനം കൂടുതൽ മെച്ചപ്പെടുത്താൻ ടീച്ചർ ചില നിർദ്ദേശങ്ങൾ നൽകി. അവ ഏതെല്ലാമാണെന്ന് ഒന്ന് കുറിക്കാമോ?.

**മേഖല - നൃത്തം**

1. വിദ്യാലയത്തിലെ വിവിധ ദിനാഘോഷങ്ങളുടെ ഭാഗമായി നൃത്താവിഷ്കാരം നടത്തുവാൻ അനുയോജ്യമായ ചില കവിതാ ഭാഗങ്ങൾ ഹരിത ശേഖരിച്ചു. അതിലെ ഏതാനും വരികൾ ചുവടെ ചേർക്കുന്നു. അവയോരോന്നും ഏത് ദിനാഘോഷത്തിന് അനുയോജ്യമാണെന്ന് ഉത്തരപ്പട്ടികയിൽ നിന്ന് തെരെഞ്ഞെടുത്തെഴുതുക.

വരികൾ

a. ഇനിവരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ. ? പരിസ്ഥിതി ദിനം

b. ഇന്ത്യ എന്റെ രാജ്യം എന്റെ സ്വന്തരാജ്യം
ഇന്ത്യ എന്റെ ജീവനേക്കാൾ ജീവനായ രാജ്യം സ്വാതന്ത്ര്യ ദിനം

c. മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ ഓണാഘോഷം

d. വടിയും കുത്തി വരുന്നുണ്ടേ
നമ്മുടെ ഗാന്ധിജിയപ്പൂപ്പൻ ഗാന്ധിജയന്തി

e. ചെമ്പനീർ പൂവിന്റെ കൂട്ടുകാരാ
പഞ്ചശീലത്തിന്റെ പാട്ടുകാരാ
അങ്ങയെ ഞങ്ങൾ മറക്കുകില്ല
കുഞ്ഞുങ്ങൾ ഞങ്ങൾ മറക്കുകില്ല. ശിശുദിനം

ഉത്തരപ്പെട്ടി

ശിശുദിനം, ഗാന്ധിജയന്തി, പരിസ്ഥിതി ദിനം, ഓണാഘോഷം, സ്വാതന്ത്ര്യ ദിനം

രണ്ടുമുതൽ ആറുവരെ ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയുത്തരം തെരെഞ്ഞെടുത്തെഴുതുക.

2. അപ്പു അവന് പരിചിതമല്ലാത്ത ഒരു നാട്ടിലെത്തി. അവിടെയുള്ളവരുടെ ഭാഷ അവനും അവന്റെ ഭാഷ അവർക്കും മനസ്സിലാകുന്നതേയില്ല. വല്ലാത്ത ദാഹം! ഏതു രീതിയിലായിരിക്കും അവൻ വെള്ളം ആവശ്യപ്പെടുക.
(അടവ്, ആംഗ്യഭാഷ, ഭാവം)

3. യക്ഷഗാനം കേരളത്തിലെ ഏതു ജില്ലയുമായി ബന്ധപ്പെട്ട കലാരൂപമാണ് .
(തൃശ്ശൂർ, തിരുവനന്തപുരം, കാസർഗോഡ്)



4. മേക്കാ മോതിരം (കുണുക്ക്) ഏത് നാടൻ നൃത്ത രൂപത്തിലാണ് ആഭരണമായി ഉപയോഗിക്കുന്നത്?
(മാർഗ്ഗംകളി, കണ്യാർകളി, പരിചമുട്ടുകളി)

5. ഫോക്‌ലോർ അക്കാദമി കേരളത്തിലെ ഏതു ജില്ലയിൽ സ്ഥിതി ചെയ്യുന്നു.?.
(മലപ്പുറം, കണ്ണൂർ, ഇടുക്കി)

6. സ്ത്രീകൾ മാത്രം അവതരിപ്പിക്കുന്ന ഒരു കേരളീയ നാടൻ നൃത്ത രൂപം ?.
(വട്ടപ്പാട്ട്, തിരുവാതിരക്കളി, ചവിട്ടുനാടകം)

7. മനു കാട്ടിലൂടെ നടക്കുകയായിരുന്നു. അതാ വിടർന്നു നിൽക്കുന്ന ഒരു പൂവ് (a). അവൻ ഇതളുകൾ തൊട്ടു നോക്കി. എത്ര മൃദുലം! പൂങ്കാറ്റ് അവനെ തഴുകി. മരച്ചില്ലകൾ നൃത്തമാടുന്നു. അപ്പോൾ അതിമനോഹരമായ ഒരു കാഴ്ച അവൻ കണ്ടു. ഒരു മയിൽ (b)പീലിവിരിച്ച് നൃത്തം ചെയ്യുന്നു. അവൻ അതിൽ ലയിച്ചു നിന്നു. പെട്ടെന്ന് പിന്നിലെന്തോ ശബ്ദം. തിരിഞ്ഞു നോക്കിയപ്പോൾ ഒരു കുഞ്ഞു മാൻ (c). മനുവിനെ കണ്ടതോടെ അത് ഓടിയൊളിച്ചു. അടുത്തു കണ്ട മാവിനടുത്തേയ്ക്ക് അവൻ നടന്നു. ഹായ്... പഴുത്തു തുടുത്ത മാമ്പഴങ്ങൾ. വായിൽ വെള്ളമൂറി. ഒരെണ്ണം നിലത്തു വീണു കിടക്കുന്നു. മനു മാമ്പഴം (d) എടുക്കാൻ കൈ നീട്ടിയതും ശ് ശ് ശ്...... ഒരു പാമ്പ്! (e) അവൻ പേടിച്ചുപോയി.

കഥയിലെ അടിവരയിട്ട വാക്കിന് പകരമായി ഉപയോഗിക്കാവുന്ന മുദ്രകൾ തെരെഞ്ഞെടുത്തെഴുതുക.

| 1<br>മയൂരം | 2<br>പത്മകോശം | 3<br>അലപത്മം | 4<br>സർപ്പശീർഷം | 5<br>സിംഹമുഖം |
|---|---|---|---|---|
|  |  |  |  |  |

**വിഭാഗം 2 – പ്രവൃത്തി പഠനം**

1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് 1 സ്കോർ വീതം

1. പഴങ്ങളും, മറ്റും കേടാകാതെ സംരക്ഷിക്കുന്ന പ്രകൃതിജന്യമായ ഒരു പദാർത്ഥം ഏത്?
(വിനാഗിരി, സിട്രിക് ആസിഡ്, തേൻ, അജിനാമോട്ടോ)
2. കൊതുക് നിവാരണത്തിനായി ശാസ്ത്രീയമായി നടപ്പിലാക്കുന്ന ഒരു പ്രവർത്തനമാണ് ---------------
(തിളപ്പിക്കൽ, ഉഴുകൽ, ഫോഗിംഗ്, ശുദ്ധീകരിക്കൽ)

3. വൈദ്യുതോർജ്ജം പ്രകാശോർജ്ജമാക്കി മാറ്റുന്ന ഒരു ഉപകരണം?

4. ഉപയോഗയോഗ്യമല്ലാത്ത വസ്തുക്കൾ കൊണ്ട് നിർമ്മിക്കാവുന്ന രണ്ട് അലങ്കാര വസ്തുക്കളുടെ പേരെഴുതുക?

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ**

5. രണ്ട് ജൈവകീടനാശിനികളുടെ പേരെഴുതുക
6. നോട്ട് ബുക്ക് നിർമ്മാണത്തിനാവശ്യമായ നാല് സാധന സാമഗ്രികളുടെ പേരെഴുതുക?
7. ചിത്രങ്ങളിൽ കാണുന്നത് രണ്ട് തയ്യലുകളാണ് (സ്റ്റിച്ചുകളാണ്) അവയുടെ പേരെഴുതുക?



ചിത്രം – 1



ചിത്രം –2

**8 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക**

8. മഴക്കുഴികൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെന്ത്?


or

9. മുരിങ്ങയില തോരൻ ഉണ്ടാക്കാനാവശ്യമായ ചേരുവകളുടെ ലിസ്റ്റ് തയ്യാറാക്കുക? ഉണ്ടാക്കുന്ന വിധം വിവരിക്കുക?

**വിഭാഗം 3 – ആരോഗ്യ കായിക വിദ്യാഭ്യാസം**

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് 1 സ്കോർ വീതം**

1. താഴെ കൊടുത്തവയിൽ പ്രഥമ ശുശ്രൂഷ കിറ്റിൽ ഉൾപ്പെടാത്തത് എന്ത്?
(സിറിഞ്ച്, ബാൻഡേജ്, പ്ലാസ്റ്റർ, ഡെറ്റോൾ)
2. കാൽ നടയായി പോകുന്ന ഒരാൾ റോഡിന്റെ ഏത് വശം ചേർന്ന് നടക്കണം?
(വലത് വശം, ഇടത് വശം, മധ്യഭാഗം, ഇതൊന്നുമല്ല)
3. ചതവ് പറ്റിയ വ്യക്തിക്ക് നൽകേണ്ട പ്രഥമ ശുശ്രൂഷ എന്ത്?
(ചൂട് പിടിക്കുക, ഐസ് വെയ്ക്കുക, തിരുമ്മുക, കഴുകുക)
4. താഴെ കൊടുത്ത ചിത്രത്തിലെ കാൽ നടക്കാർ സുരക്ഷിതരാണോ?
(അതെ/അല്ല)



5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.


5. എന്താണ് മുറിവ് ?

6. സുരക്ഷിതമായ കാൽനടയാത്രയ്ക്ക് സ്വീകരിക്കേണ്ട മാർഗങ്ങൾ ഏതൊക്കെയാണ്?

7. ചതവിന്റെ രണ്ട് ലക്ഷണങ്ങൾ എഴുതുക.

8. പൊള്ളൽ എന്നാൽ എന്ത്?

9. താഴെ കൊടുത്ത ചിത്രത്തിലെ കാൽ നടക്കാർ സുരക്ഷിതരാണോ. എന്തുകൊണ്ട്?



10 – 11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക.

10. അപകടത്തിൽപ്പെട്ട് മുറിവ് സംഭവിച്ച വ്യക്തിക്ക് നൽകേണ്ട പ്രഥമ ശുശ്രൂഷ എന്തൊക്കെയാണ്?

11. കളിസ്ഥലങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?